**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 851** **14-01-2021 - ൽ മറുപടിയ്ക്ക്**

**പമ്പയിലെ പ്രളയാനന്തര മണൽ നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | പമ്പ ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാൻ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മറവിൽ ഒരു സ്വകാര്യകമ്പനിക്ക് നൽകിയ ഉത്തരവിൻപ്രകാരം സർക്കാരിന് ഭീമമായ നഷ്ടം സംഭവിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പമ്പ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ, M/s. കേരള ക്ലെയിസ് ആൻഡ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, കണ്ണൂർ (M/s. KCCPL) എന്ന പൊതുമേഖല സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചത്. സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചത് സംബന്ധിച്ച് പത്രവാർത്തകളിലല്ലാതെ മറ്റ് ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | നഷ്ടത്തിൽ നീങ്ങുന്ന ഒരു പൊതുമേഖല സ്ഥാപനത്തിന് മണൽ നീക്കാനുള്ള അനുമതി നൽകിയത് ചട്ടങ്ങൾ പാലിച്ചാണോ എന്ന് വിശദമാക്കാമോ; | (ബി) | ദുരന്ത നിവാരണ നിയമം അനുസരിച്ചാണ് ജില്ലാ കളക്ടർ അനുമതി നൽകിയത്. |
| (സി) | ഈ പൊതുമേഖല സ്ഥാപനം സമാനരീതിയിൽ മണൽ നീക്കം ചെയ്ത അവസരങ്ങളിൽ ആരോപണങ്ങൾ നേരിട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (സി) | അപ്രകാരമുള്ള ആരോപണങ്ങളൊന്നും വനംവകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ഡി) | ഈ പൊതുമേഖല സ്ഥാപനം മണൽ നീക്കം ചെയ്യാനുള്ള ജോലി ഒരു സ്വകാര്യകമ്പനിക്ക് നൽകിയത് നിയമാനുസൃതമാണോ ; | (ഡി) | ദുരന്ത നിവാരണ നിയമം അനുസരിച്ച് ദുരന്തങ്ങൾ ഒഴിവാക്കുന്നതിലേക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ, പമ്പ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് M/s. കേരള ക്ലെയിസ് ആൻഡ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, കണ്ണൂർ (M/s. KCCPL) എന്ന പൊതുമേഖല സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചത്. |
| (ഇ) | വിരമിക്കുന്നതിനു തൊട്ടുമുൻപ് ചീഫ് സെക്രട്ടറി അടക്കം ഹെലികോപ്റ്റർ യാത്ര നടത്തി പൊതുമേഖല സ്ഥാപനത്തിന് അനധികൃതമായി | (ഇ) | പ്രതീക്ഷിത മൺസൂൺ കാലത്തു പമ്പ പരിസരത്തു സ്വീകരിക്കേണ്ട മുൻ കരുതലുകൾ വിലയിരുത്തുന്നതിലേക്കായിട്ടാണ് മുൻ ചീഫ് |

| | | | |
|---|---|---|---|
| | മണൽ നൽകാൻ ഒത്തുകളിച്ചു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | സെക്രട്ടറി ഉൾപ്പെടെ അപ്രകാരം ഒരു യാത്ര നടത്തിയത്. |

സെക്ഷൻ ഓഫീസർ